സംസ്ഥാന വാർഷിക പദ്ധതി അടങ്കലിന്റെ ഒരു നിശ്ചിത ശതമാനം തുക പ്രാദേശികമായി പദ്ധതികൾ ആവിഷ്ക്കരിച്ച് മുൻഗണനാ ക്രമം നിശ്ചയിച്ച് നടപ്പാക്കുന്നതിന് പദ്ധതി ഗ്രാന്റായി നൽകുന്നുണ്ട്. ഗവൺമെന്റ് പുറപ്പെടുവിക്കുന്ന മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് തദ്ദേശഭരണസ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കുന്നത്.

തദ്ദേശഭരണസ്ഥാപനങ്ങളിലൂടെ നടപ്പാക്കുന്നതിന് കൈമാറിയ സംസ്ഥാന പദ്ധതികളുടെയും കേന്ദ്രാവിഷ്കൃത പരിപാടികളുടെയും വിഹിതം നൽകുന്നുണ്ട്. കൈമാറ്റം ചെയ്തതും തദ്ദേശഭരണസ്ഥാപനങ്ങൾ ആർജ്ജിച്ചതുമായ ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മെയിന്റനൻസ് ഗ്രാന്റ് നൽകുന്നുണ്ട്. പൊതു ആവശ്യങ്ങൾക്കായി ജനറൽ പർപ്പസ് ഗ്രാന്റും നൽകുന്നുണ്ട്.

(സി) ഉണ്ട് (വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.) †

ദേശീയ വിസന സമതി യോഗം

*7. [131] ശ്രീ. പി. സി. ജോർജ് :
„ കോടിയേരി ബാലകൃഷ്ണൻ :
ഡോക്ടർ തോമസ് ഐസക് :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005 ജൂൺ 27-ന് ഡൽഹിയിൽ ചേർന്ന ദേശീയ വികസന സമിതി യോഗത്തിൽ സംസ്ഥാനത്തെ ബാധിക്കുന്ന ഏതെല്ലാം പ്രശ്നങ്ങളാണ് അവതരിപ്പിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത യോഗത്തിൽ ഏതെല്ലാം പ്രശ്നങ്ങളാണ് ചർച്ച ചെയ്തതെന്ന് പറയാമോ ;

(സി) ദേശീയ വികസന സമിതി കാർഷികമേഖലയെ സംബന്ധിച്ച ഏതെല്ലാം ശുപാർശകളാണ് നടത്തിയതെന്ന് പറയാമോ ;

(ഡി) കാർഷികാവശ്യത്തിനുള്ള വെള്ളത്തിന് വിലയീടാക്കാൻ സമിതി ശുപാർശ ചെയ്തിട്ടുണ്ടോ ? എങ്കിൽ ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) 2005 ജൂൺ 27-ന് ഡൽഹിയിൽ ചേർന്ന ദേശീയ വികസന സമിതി യോഗത്തിൽ സംസ്ഥാനത്തെ ബാധിക്കുന്ന താഴെപ്പറയുന്ന പ്രധാന പ്രശ്നങ്ങളാണ് അവതരിപ്പിച്ചത്.

1. കാർഷിക മേഖലയിൽ പ്രത്യേകിച്ച് നാണ്യവിളകളെ സംബന്ധിച്ച പ്രശ്നങ്ങൾ.

† അനുബന്ധം- I കാണുക.

LIBRARY ARCHIVES Kerala Legislative Assembly

2. ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നയരൂപീകരണം.

3. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കൽ.

4. കേരളത്തിന്റെ ആരോഗ്യമേഖലയിലെ രണ്ടാം തലമുറ പ്രശ്നങ്ങൾ.

5. കേന്ദ്രാവിഷ്കൃത പദ്ധതികൾ കേരളത്തിന് അനുയോജ്യമായി മാറ്റേണ്ടതിന്റെ ആവശ്യകത.

6. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് പൊതുവിതരണത്തിൽ കുറഞ്ഞ നിരക്ക് ഏർപ്പെടുത്തുക.

7. വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുക.

8. തൊഴിലധിഷ്ഠിത ഉന്നത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകൽ.

9. പരമ്പരാഗത വ്യവസായ വികസനം.

10. വിദ്യുച്ഛക്തിമേഖലയിലെ പരിഷ്കരണം സംസ്ഥനത്തിന് അനുയോജ്യമായ രീതിയിൽ ആക്കിത്തീർക്കുക.

11. വിഭവ വിന്യാസത്തിൽ പഞ്ചായത്ത് രാജ് സംവിധാനം നടപ്പാക്കുന്ന സംസ്ഥാനങ്ങൾക്ക് പ്രോൽസാഹനം.

12. സാമൂഹ്യ സുരക്ഷിതത്വ പരിപാടികൾ നടപ്പിലാക്കുമ്പോൾ പാവപ്പെട്ട വിഭാഗങ്ങൾക്ക് ഊന്നൽ നൽകൽ.

13. റൂറൽ ഹെൽത്ത് മിഷ്നിൽ കേരളം അഭിമുഖീകരിക്കുന്ന പ്രത്യേക പ്രശ്നങ്ങൾ കൂടി ഉൾപ്പെടുത്തുക.

14. എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം കേരളത്തിന് അനുയോജ്യമായി നവീകരിക്കുക.

15. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് പ്രത്യേകം ഊന്നൽ നൽകുക.

16. സ്തീശാക്തീകരണത്തിന് പ്രാധാന്യം നൽകുക.

17. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ പ്രകാരം കേരളത്തിനുണ്ടായ സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിന് പ്രത്യേക സഹായം

(ബി) പ്രസ്തുത യോഗത്തിൽ പത്താം പഞ്ചവൽസര പദ്ധതിയുടെ മദ്ധ്യകാല അവലോകനം (Mid Term Appraisal) ആണ് ചർച്ച ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മദ്ധ്യകാല അവലോകനത്തിൽ കാർഷിക മേഖലയെ സംബന്ധിച്ച് നടത്തിയ ശുപാർശകൾ അനുബന്ധമായി കൊടിത്തിരിക്കുന്നു. †

(ഡി) "കടുത്ത ജലക്ഷാമമുള്ള പ്രദേശങ്ങളിലും മഴ കുറഞ്ഞ പ്രദേശങ്ങളിലും ഉപയോഗിക്കുന്ന ജലത്തിന് ന്യായമായ വില ഈടാക്കാനും സാമൂഹ്യമായി നിയന്ത്രിക്കാനും ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഒരു പരിധിവരെ സബ്സിഡി അനുവദിക്കുന്നതിനും അടിയന്തിരമായി നൂതന തന്ത്രം ആവിഷ്കരിക്കണം" എന്നതാണ് പത്താം പദ്ധതിയുടെ മദ്ധ്യകാല വിലയിരുത്തൽ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളത്.

എന്നാൽ ഇതു സംബന്ധിച്ച് കേരളം താഴെപ്പറയുന്ന നിർദ്ദേശങ്ങളാണ് വച്ചിട്ടുള്ളത്. വെള്ളത്തിന് വില ഈടാക്കുന്നത് അതീവ ജാഗ്രതയോടു കൂടിയായിരിക്കണം. പൊതു ജലസേചന സംവിധാനത്തിന്റെ പ്രവർത്തനത്തിനും നടത്തിപ്പിനും മൊത്തം ചെലവ് വസൂലാക്കുമ്പോൾ പാവപ്പെട്ടവർക്കുള്ള ജലലഭ്യത ഉറപ്പുവരുത്തണം. കമ്പോളാധിഷ്ഠിത വിലനിർണ്ണയ സംവിധാനത്തിൽ മാത്രമായി വിതരണം ചെയ്യപ്പെടേണ്ട വസ്തുവായി ജലത്തെ കണക്കാക്കാൻ പാടില്ല. അതോടൊപ്പം ഭൂഗർഭ ജല വിനിയോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ജല സ്രോതസ്സുകളുടെ സംരക്ഷണത്തിന് കൂടുതൽ കാര്യക്ഷമമായ സംവിധാനം ആവിഷ്കരിക്കേണ്ടതാണ്. പുതിയ പ്രോജക്ടുകൾ എടുക്കുമ്പോൾ കർഷകരുമായി കൂടിയാലോചിച്ച് ചെലവ് പങ്കിടുന്ന കാര്യത്തിൽ യോജിപ്പുണ്ടാകേണ്ടതാണ്.

പ്രൈമറി ഹെൽത്ത് സെന്ററുകളിലെ ചികിത്സ

*8. [132] ശ്രീ. സി. മമ്മൂട്ടി :

„ പി. കെ. അബ്ദു റബ്ബ് :

„ സി. മോയിൻകുട്ടി :

„ ടി. പി. എം. സാഹിർ :

„ നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ഥലസൗകര്യവും കെട്ടിട സൗകര്യവുമുള്ള സംസ്ഥാനത്തെ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി ആരംഭിക്കുമോ ;

(ബി) ഇതിലേയ്ക്ക് ആവശ്യമായ സ്റ്റാഫും വേണ്ടത്ര മരുന്നുകളും ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

† അനുബന്ധം- II കാണുക.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[12-7-2005-ലെ ചോദ്യം നമ്പർ 7 (*131)-ന്റെ ഉത്തരം ദയവായി കാണുക]

മദ്ധ്യകാല അവലോകനത്തിൽ കാർഷിക മേഖലയെ സംബന്ധിച്ചു നടത്തിയ ശുപാർശകൾ

1. പച്ചക്കറി കൃഷിയുമായി ബന്ധപ്പെട്ട സ്ഥിതിവിവര കണക്കുകൾ ആസൂത്രണത്തിനും അപഗ്രഥനത്തിനും സഹായിക്കുന്ന വിധത്തിൽ അടിയന്തിരമായി മെച്ചപ്പെടുത്തണം.

2. എണ്ണക്കുരുക്കൾക്കും പയറുവർഗ്ഗങ്ങൾക്കുമുള്ള ടെക്നോളജി മിഷന്റെ പ്രവർത്തനം ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനുതകുമാറ് പരിഷ്ക്കരിക്കണം.

3. കയറ്റുമതി ചെയ്യുന്ന കാർഷിക ഇനങ്ങളുടേതുപോലെതന്നെ പയർ വർഗ്ഗങ്ങളുടെയും എണ്ണക്കുരുക്കളുടെയും ഉൽപ്പാദനവും ഉല്പാദനക്ഷമതയും ഉയർത്തുന്നതിന് ആസൂത്രിതമായ ശ്രമങ്ങൾ അവശ്യമാണ്.

4. കാർഷികവിളകളുടെ ഉല്പാദനചെലവ് കുറയ്ക്കുന്നതിനും താങ്ങുവില വ്യാപകമായി ലഭ്യമാക്കുന്നതിനും വികേന്ദ്രീകൃത സംഭരണം വ്യാപിപ്പിക്കേണ്ടതുണ്ട്.

5. വിജയകരമായി നടപ്പാക്കിയ വാട്ടർഷെഡ് പദ്ധതികളുടെ വിവരങ്ങൾ ശേഖരിച്ച് അപഗ്രഥിച്ച് മറ്റു പ്രദേശങ്ങളിലും നടപ്പാക്കണം.

6. രാജ്യത്ത് ഇപ്പോൾ നിലവിലുള്ള കൃഷി വ്യാപനസമ്പ്രദായം കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്.

7. കാർഷിക വായ്പ വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ സാദ്ധ്യമാക്കണം.

8. ഗുണനിലവാരമില്ലാത്ത വിത്തുകളും നടീൽ വസ്തുക്കളും വിതരണം ചെയ്യുന്നത് നിയന്ത്രിക്കുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തണം.

8a. സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവും സ്വതന്ത്രവും ആകത്തക്കവിധത്തിൽ സംസ്ഥാനങ്ങളിലെ സഹകരണ നിയമങ്ങളിൽ ഭേദഗതികൾ വരുത്തണം.

9. സംയോജിത കീട നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിച്ച് കൂടുതൽ വിളവ് നേടുന്ന കർഷകരെ പ്രോൽസാഹിപ്പിക്കുകയും അർഹമായി ആദരിക്കുകയും വേണം.

9a. അഗ്രിക്കൾച്ചർ പ്രൊഡ്യൂസ് മാർക്കറ്റിംഗ് കമ്മിറ്റി ആക്ട് പ്രവർത്തനക്ഷമമാക്കുന്നതിനും, അത് പാലിക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിനും, പാലിക്കപ്പെടാത്തത് ശിക്ഷിക്കപ്പെടുന്നതിനും ആക്ടിൽ ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

10. പത്താം പദ്ധതിയുടെ ശിഷ്ടകാലത്ത് മൃഗസംരക്ഷണ വകുപ്പിന്റെ പ്രധാന ചുമതല ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായിരിക്കണം.

11. മൃഗസംരക്ഷണ വകുപ്പ് തീറ്റയ്ക്കും തീറ്റപ്പുൽ കൃഷിയ്ക്കും വികസനത്തിനും പത്താം പദ്ധതിയിൽതന്നെ പുതിയ പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

12. മൃഗങ്ങളെ ബാധിക്കുന്ന രോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും അടിയന്തിരമായി പദ്ധതികൾ പുനഃക്രമീകരിക്കേണ്ടതാണ്.

13. ഭക്ഷ്യ സുരക്ഷിതത്വം, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നീ ലക്ഷ്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും ദരിദ്ര വിഭവങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കുന്നതിനും അതിലൂടെ കാർഷിക വികസനം നിലനിർത്തുന്നതിനും പൊതു വിതരണ സമ്പ്രദായത്തിന്റെ ഉദ്ദേശ്യലക്ഷ്യം പുനഃക്രമീക്കരിക്കേണ്ടതാണ്.

14. നിലവാരമുള്ള ഉൽപന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കാനുതകുമാറ് കർഷകരെ ബോധവൽക്കരിക്കുകയും അതിലൂടെ ആരോഗ്യകരമായും സസ്യാരോഗ്യകരമായും ഉല്പന്നങ്ങളുടെ നിലവാരം കർശനമായി പാലിക്കുമെന്ന് ഉറപ്പുവരുത്താൻ കഴിയുകയുംവേണം.

15. സ്ഥിര മൂലധനം കൂടുതൽ ഉല്പാദനക്ഷമമാക്കാൻ പൂർത്തീകരിക്കാനുള്ള ജലസേചന പദ്ധതികൾ പൂർത്തിയാക്കുന്നതിന് കൂടുതൽ തുക വകകൊള്ളിക്കുക, നിലവിലുള്ള പ്രോജക്ടുകളിൽ മെച്ചപ്പെട്ട ജല സംരക്ഷണം നടപ്പിലാക്കുക, നീർമറി വികസന സമീപനത്തിലൂടെ കമാന്റ് ഏരിയ ഇതര പ്രദേശങ്ങളിൽ ഉപരിതല ഭൂഗർഭ ജല സ്രോതസ്സുകൾ വർദ്ധിപ്പിക്കുക മുതലായ നടപടികൾ കൈകൊള്ളണം.

16. കാർഷികാവശ്യത്തിനും സാമൂഹ്യാവശ്യത്തിനും ഉള്ള വെള്ളത്തിന്റെ ഉപയോഗശേഷി വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

17. കടുത്ത ജലക്ഷാമമുള്ള പ്രദേശങ്ങളിലും മഴകുറഞ്ഞ പ്രദേശങ്ങളിലും ഉപയോഗിക്കുന്ന ജലത്തിന് ന്യായമായ വില ഈടാക്കാനും സാമൂഹ്യമായി നിയന്ത്രിക്കാനും ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഒരു പരിധിവരെ സബ്സിഡി അനുവദിക്കുന്നതിനും അടിയന്തിരമായി നൂതന തന്ത്രങ്ങൾ ആവിഷ്ക്കരിക്കണം.

18. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും വാട്ടർഷെഡ് പദ്ധതികൾ നടപ്പിലാക്കുന്നതുകൊണ്ട് അവ മോണിട്ടർ ചെയ്യുന്നതിന് പൊതുജന പങ്കാളിത്തം ഉണ്ടാകേണ്ടതുണ്ട്.

19. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് നിയുക്തമായ വൈദ്യനാഥൻ കമ്മിറ്റിയുടെ ശുപാർശകൾ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തേണ്ടതും സഹകരണ സ്ഥാപനങ്ങളെ റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരുത്തേണ്ടതുമാണ്.

20. മഴയുടെ ലഭ്യത കുറവായതും ക്രമമല്ലാത്തതുമായ പ്രദേശങ്ങളിൽ കാർഷിക ഇൻഷുറൻസ് പ്രീമിയം കൂടുതൽ ആകാൻ സാധ്യതയുള്ളതിനാൽ ഒരു പ്രത്യേക സബ്സിഡി തുക ബഡ്ജറ്റിൽ ഉൾപ്പെടുത്താവുന്നതാണ്.

21. എസെൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് ഭേദഗതി ചെയ്യുകയും അതിന്റെ ഉത്തരവുകൾ സാധാരണ ഗതിയിലുള്ള കമ്പോള പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാനും ആവശ്യമായ നിയമങ്ങൾ നിർമ്മിക്കേണ്ടതാണ്.

22. ആഴക്കടൽ മൽസ്യബന്ധനത്തിനും സഹകാര്യ മേഖലയിലുള്ള മത്സ്യക്കുഞ്ഞുല്പാദന കേന്ദ്രങ്ങൾക്കും ആവശ്യമായ ബാങ്ക് വായ്പകൾ മുൻഗണനാടിസ്ഥാനത്തിൽ നൽകേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

23. സീഡ് സർട്ടിഫിക്കേഷൻ, രോഗനിർണ്ണയം, മറ്റു ആരോഗ്യ വിഷയങ്ങൾ എന്നിവയോടൊപ്പം ഗുണനിലവാരമുള്ള മൽസ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

24. മൽസ്യ വികസനത്തിനനുബന്ധ വ്യവസായമായ മുത്തുല്പാദനം മെച്ച പ്പെടുത്തുക, അലങ്കാര മൽസ്യകൃഷിയുടെ ആഗോളവ്യാപാരം വർദ്ധിപ്പിക്കുക, ആവശ്യമായ മൽസ്യ വിപണന ശൃംഖല സ്ഥാപിക്കുക മുതലായ മേഖലകളിൽ കൂടി ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

അനുബന്ധം III

[12-7-2005-ലെ ചോദ്യം നമ്പർ 9 (*133)-ന്റെ ഉത്തരം ദയവായി കാണുക]

PROGRAM AGREEMENT

Program Agreement dated 16 December 2002 between ASIAN DEVELOPMENT BANK (herein after called ADB) and the State of Kerala (herein after called the State)

WHEREAS,

(A) By a loan Agreement of even date herewith between India herein after called the Borrower) and ADB. ADB has agreed to make to the Borrower a loan of two hundred million dollars ($ 200,000,000) on the terms and conditions set forth in the Loan Agreement but only on condition that the proceeds of the Loan be made available to the State and that the State agrees to undertake certain obligations towards ADB as herein after in this Program Agreement set forth; and

(B) The State in consideration of ADB entering into the Loan Agreement with the Borrower, has agreed to undertake the obligations herein after set forth.

Now, THEREFORE, the parties hereto agree as follows :

ARTICLE I

Definitions

Section 1.01 : Wherever used in this Program Agreement, unless the context otherwise requires, the several terms defined in the Loan Agreement and in the Loan Regulations (as so defined) have the respective meanings therein set forth.

LIBRARY ARCHIVES Kerala Legislative Assembly